# ഗ്രാമസഭയിൽ ചുമതലപ്പെട്ടഉദ്യോഗസ്ഥൻ വായിക്കുന്നതിനുള്ള കുറിപ്പ്

പ്രിയപ്പെട്ടവരെ,

VB-G RAM G പദ്ധതിയെക്കുറിച്ചുള്ള ചില പ്രധാന വിവരങ്ങൾ ഇന്ന് നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

1. **പദ്ധതി നിർവ്വഹണം:** VB-G RAM G പദ്ധതി 2026 ജൂലൈ 1 മുതൽ രാജ്യമൊട്ടാകെ നടപ്പാക്കി തുടങ്ങി. നമ്മുടെ ഗ്രാമപഞ്ചായത്തിലും ജൂലൈ 1 മുതൽ പദ്ധതി നടപ്പാക്കി വരുന്നു.

2. **125 ദിവസത്തെ തൊഴിൽ ഉറപ്പ്:** മുമ്പുണ്ടായിരുന്ന 100 ദിവസത്തിന് പകരം, ഇനി ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 125 ദിവസത്തെ വേതന തൊഴിലിന് നിയമപരമായ ഉറപ്പുണ്ട്.

3. **പരമാവധി 15 ദിവസത്തിനുള്ളിൽ തൊഴിൽ:** തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാക്കിയില്ലെങ്കിൽ വ്യവസ്ഥകൾ പ്രകാരം തൊഴിലില്ലായ്മ വേതനത്തിന് നിങ്ങൾക്ക് അർഹതയുണ്ട്.

4. **കൃത്യസമയത്ത് വേതനം:** വേതനം സാധാരണയായി ഒരാഴ്ചയ്ക്കുള്ളിലും പരമാവധി 15 ദിവസത്തിനുള്ളിലും നൽകുന്നതാണ്. 15 ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വ്യവസ്ഥകൾ പ്രകാരം വേതനം വൈകിയതിനുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

5. **375 അനുവദനീയ പ്രവൃത്തികൾ:** മുമ്പ് സാധ്യമല്ലാതിരുന്ന പല പ്രവൃത്തികളും ഇപ്പോൾ VB-G RAM G യിൽ സാധ്യമാണ്. 375 തരം അനുവദനീയ പ്രവൃത്തികളിൽ നിന്ന് നമ്മുടെ ഗ്രാമത്തിന്റെ യഥാർത്ഥ ആവശ്യങ്ങൾക്കും മുൻഗണനകൾക്കും അനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാം. തൊഴിൽ നൽകുന്നതോടൊപ്പം ഗ്രാമത്തിന്റെ വികസനവും ഗ്രാമീണ ഉപജീവനവും ശക്തിപ്പെടുത്തുന്ന ഈടുനിൽക്കുന്നതും ഉപയോഗപ്രദവുമായ ആസ്തികൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം.

6. **വികസിത ഗ്രാമപഞ്ചായത്ത് പദ്ധതി (VGPP):** നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിന് ആവശ്യമായ പ്രവൃത്തികൾ നിങ്ങൾ ഓരോരുത്തരുടെയും പങ്കാളിത്തത്തോടെ ഗ്രാമസഭ വഴി തയ്യാറാക്കുന്ന വികസിത ഗ്രാമപഞ്ചായത്ത് പദ്ധതിയിലൂടെയാണ് കണ്ടെത്തുന്നത്. ഗ്രാമത്തിൽ ഏതൊക്കെ പ്രവൃത്തികൾ വേണം, ഏതിന് മുൻഗണന നൽകണം, എവിടെ നടപ്പാക്കണം എന്നെല്ലാം ഗ്രാമസഭ തീരുമാനിക്കും.

7. **ഗ്രാമസഭയിലൂടെ സുതാര്യത:** VB-G RAM G യുടെ വിജയകരമായ നടത്തിപ്പിൽ ഗ്രാമസഭയ്ക്കും ഗ്രാമപഞ്ചായത്തിനും പ്രധാന പങ്കുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കാൻ സോഷ്യൽ ഓഡിറ്റ് സംവിധാനമുണ്ട്. ഇതിൽ ഗ്രാമസഭയ്ക്ക് നിർണ്ണായക പങ്കുണ്ട്.

8. **വികസനത്തിന്റെ കേന്ദ്രം ഗ്രാമപഞ്ചായത്ത്:** നമ്മുടെ ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പാക്കുന്ന ഒരിടം മാത്രമല്ല, പ്രാദേശിക വികസനത്തിന്റെ കേന്ദ്രമാണ്. തൊഴിൽ, ഉപജീവനം, ജലസംരക്ഷണം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, ഈടുനിൽക്കുന്ന ആസ്തികൾ എന്നിവയിലൂടെ നമുക്ക് നമ്മുടെ ഗ്രാമത്തെ മുന്നോട്ട് നയിക്കാം.

നമ്മുടെ ഗ്രാമപഞ്ചായത്തിനെ വികസിതവും പ്രാപ്തവും സ്വയംപര്യാപ്തവുമാക്കാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. വികസിത പഞ്ചായത്ത്, വികസിത ഭാരതം എന്ന ലക്ഷ്യത്തിനായി നമുക്ക് ഒരുമിച്ച് പ്രതിജ്ഞയെടുക്കാം.